Page 1 of 1

(ബി) സംസ്ഥാനത്ത് നിലവിലുള്ള ദ്വിവത്സര ദന്തൽ ഹൈജീനിസ്റ്റ് കോഴ്സ് ബാച്ചിലർ കോഴ്സ് ആയി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

പരിഗണനയിലില്ല.

സർക്കാർ ജീവനക്കാരുടെയും ആശ്രിതരുടെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ

201 (201) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും ആശ്രിതരുടെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ തീർപ്പാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ സമയബന്ധിതമായി ആയവ തീർപ്പാക്കാൻ പ്രത്യേക അദാലത്ത് നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉടൻ തീർപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ എത്ര അപേക്ഷകളാണ് തീർപ്പാക്കാൻ ബാക്കിയുള്ളത്?

1365.

(ഡി) ഈ വർഷം ഏത് മാസംവരെ ലഭിച്ച അപേക്ഷകളാണ് പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് തിരിച്ചയച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ പരിശോധിക്കുന്നതിന് നിലവിൽ 6 സെക്ഷനുകളാണ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലുള്ളത്. അപേക്ഷകരുടെ പേരിന്റെ അക്ഷരമാലാ ക്രമത്തിലാണ് ഓരോ സെക്ഷനുകളും തരംതിരിച്ചിരിക്കുന്നത്. ഓരോ സെക്ഷനിലും തപാലുകൾ ലഭ്യമാകുന്നമുറയ്ക്ക് ബില്ലുകൾ തീർപ്പുകൽപ്പിച്ച് വരുന്നു. പലിശരഹിത ചികിത്സാവായ്പാ ക്രമീകരണം, മാരകരോഗങ്ങൾ, മരണപ്പെട്ട ജീവനക്കാരുടെ ബില്ലുകൾ, ആവശ്യമായ രേഖകൾ സഹിതം ഉള്ള റീ സബ്മിഷൻ തുടങ്ങിയ ചികിത്സാ ബില്ലുകൾക്ക് മുൻഗണന നൽകി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് തിരിച്ചയച്ചുവരുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാൻ പദ്ധതി

202 (202) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിനുവേണ്ടിയുള്ള മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന്

LIBRARY ARCHIVES Kerala Legislative Assembly